# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.969** **05.03.2020 ൽ മറുപടിക്ക്**

### ബി.എം.&ബി.സി. നിലവാരത്തിൽ റോഡ് പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാർ കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്തിട്ടുണ്ട്;

(ബി) ഇനി എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിയതിൽ എത്ര കിലോമീറ്റർ റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(എ), (ബി), (സി) & (ഡി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിൽ ബി.എം.& ബി.സി നിലവാരത്തിൽ പുനരുദ്ധാരണം ചെയ്തതും, ചെയ്യുവാനായി ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാൻ സാധിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനത്തെ ദേശീയ പാതകളെല്ലാം ബി.എം & ബി.സി നിലവാരത്തിലുള്ളതാണ്. സംസ്ഥാന പാതകൾ മേജർ ജില്ലാ റോഡുകൾ എന്നിവ ദേശീയ പാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികളെല്ലാം തന്നെ ബി.എം & ബി.സി നിലവാരത്തിലാണ് പുനരുദ്ധരിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എല്ലാം തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പുരോഗമിച്ച് വരികയാണ്. പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ റോഡിന്റെ പുനരുദ്ധാരണം ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

| സാമ്പത്തിക വർഷം | ഭരണാനുമതി ലഭിച്ചത് | | പൂർത്തീകരിച്ചത് | | പൂർത്തീകരിക്കാനുളളത് | |
|---|---|---|---|---|---|---|
| | നമ്പർ | നീളം | നമ്പർ | നീളം | നമ്പർ | നീളം |
| 2016-17 | 29 | 409.3 | 23 | 315.3 | 6 | 94 |
| 2017-18 | 17 | 213.4 | 7 | 80.40 | 10 | 133 |
| 2018-19 | 54 | 702.7 | 2 | 21.00 | 52 | 681.7 |

മേൽ പട്ടികയിൽ 2016-17 ലേയും, 2017-18 ലേയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളെല്ലാം തന്നെ 75% ത്തിനു മുകളിൽ പുരോഗമിച്ചിട്ടുള്ളതാണ്. 2018-19 ൽ അനുമതി ലഭിച്ചതിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളത് ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

കേരള റോഡ് ഫണ്ട് ബോർഡ് നഗര റോഡ് വികസന പദ്ധതിയിൽപ്പെടുത്തി 22.251 കി.മീ. ബി.എം & ബി.സിയും 8.5 കി.മീ ബി.സിയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നഗര പാത വികസന പദ്ധതിയിൽ ബാക്കിയുള്ള 12 കി.മീ റോഡിന്റെ ബി.എം & ബി.സി ഓവർലേയും ആലപ്പുഴയിൽ 27.787 കി.മീ ബി.എം & ബി.സിയും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ഡിവിഷൻ | പുനരുദ്ധാരണം ചെയ്തവ (കി.മീ.) | ഭരണാനുമതി ലഭിച്ചവ (കി.മീ.) | നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലുള്ളവ (കി.മീ.) | ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുവാൻ കഴിയുന്നവ (കി.മീ.) |
|---|---|---|---|---|
| തിരുവനന്തപുരം | 293.66 | 892.69 | 374.675 | 1186.35 |
| കൊല്ലം | 483.731 | 629.72 | 38.643 | 1113.451 |
| ആലപ്പുഴ | 361.863 | 231.804 | 199.774 | 593.667 |
| പത്തനംതിട്ട | 261.49 | 646.842 | 430.952 | 908.332 |
| കോട്ടയം | 505.97 | 78.03 | 39 | 584 |
| ഇടുക്കി | 264.277 | 367.75 | 47.2 | 632.027 |
| എറണാകുളം | 163.655 | 138.474 | 138.474 | 302.129 |
| മൂവാറ്റുപുഴ | 194.44 | 368.616 | 240.494 | 563.056 |
| തൃശ്ശൂർ | 237.33 | 494.26 | 5.3 | 731.59 |
| പാലക്കാട് | 298.938 | 329.886 | 158.367 | 628.824 |
| മലപ്പുറം | 367.01 | 258.408 | 230.978 | 625.418 |
| കോഴിക്കോട് | 358.9 | 316.722 | 105.27 | 675.622 |
| വയനാട് | 99.104 | 330.458 | 239.37 | 429.562 |
| കണ്ണൂർ | 410.664 | 352.444 | 180.254 | 763.108 |
| കാസർഗോഡ് | 190.53 | 446.597 | 33.75 | 637.127 |
| **ആകെ (കി.മീ.)** | **4491.562** | **4936.26** | **2318.59** | **8115.81** |

Hemalatha

സെക്ഷൻ ഓഫീസർ